LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

എട്ടാം കേരള നിയമസഭ

പതിമ്മൂന്നാം സമ്മേളനം

1991 ഏപ്രിൽ 4, വ്യാഴം

വാല്യം LXXXII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 20

നിയമസഭ 1991 ഏപ്രിൽ മാസം 4-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വർക്കല രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ, ചോദ്യം നമ്പർ 198... .....

പൊതുമേഖലാ വ്യവസായ ഉൽപ്പന്നങ്ങളുടെ വിപണനം കാര്യക്ഷമമാക്കാൻ സംവിധാനം

* 1. [198] ശ്രീ. കാനം രാജേന്ദ്രൻ :
,, കെ.വി. സുരേന്ദ്രനാഥ് :
,, എ. എം. പരമൻ :
,, ജെ. ചിത്തരഞ്ജൻ :
,, കെ.ആർ. ചന്ദ്രമോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ വ്യവസായ ഉൽപ്പന്നങ്ങളുടെ വിപണനം കാര്യക്ഷമവും ഫലവത്തുമാക്കത്തക്കവണ്ണം കമ്പോള പഠനങ്ങൾ നടത്താൻ വ്യവസായവകുപ്പിന് എന്തു സംവിധാനമാണ് നിലവിലുള്ളത് ;

(ബി) സ്വന്തമായി ഒരു പ്രത്യേക സംവിധാനമില്ലെങ്കിൽ ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി അമ്മ) : (എ & ബി) പൊതുമേഖലാ വ്യവസായ ഉൽപ്പന്നങ്ങളുടെ വിപണനം നടത്തുക എന്ന ലക്ഷ്യത്തോടെ 1976 ആഗസ്റ്റ് മുതൽ ഗവൺമെൻറ് ഉടമയിലുള്ള കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ പ്രോഡക്ട്സ് ട്രേഡിംഗ് കോർപ്പറേഷൻ എന്ന സ്ഥാപനം പ്രവർത്തിച്ചുവരുന്നു. ഈ കോർപ്പറേഷൻ ഇപ്പോഴും ററി. ററി. പി. യുടെ ഉൽപ്പന്നമായ ടൈറാനിയം ഡയോക്സൈഡ് ആണ് മുഖ്യമായും വിപണനം നടത്തുന്നത്. മററു പൊതുമേഖലാ വ്യവസായങ്ങളുടെ ഉൽപ്പന്നങ്ങളുടെ വിപണി അതാതു കമ്പനികളും തന്നെയാണ് കണ്ടുപിടിക്കുന്നത്. ചില കമ്പനികളും ഏജൻറുകളും വഴിയായും മററു ചില കമ്പനികളും സെയിൽസ് ഓഫീസുകളും വഴിയായും അവരുടെ ഉൽപ്പന്നങ്ങളും വിററുവരുന്നു.

ശ്രീ. എ. എം. പരമൻ : സർ, ഈ പൊതുമേഖലാ വ്യവസായങ്ങളും പൊതുവെ നഷ്ടത്തിൽ പോകുന്നതിനുള്ള പ്രധാനപ്പെട്ട കാരണങ്ങളും അതിൻറെ ഉൽപ്പന്നങ്ങളും വിററഴിക്കുന്ന ഭാഗത്തുവരുന്ന തകരാറാണെന്ന് പല റിപ്പോർട്ടുകളിലും കാണുന്നുണ്ട്. ചെറുകിട വ്യവസായങ്ങളും അടക്കം പൊതുമേഖലാ വ്യവസായങ്ങളിലെ ഉൽപ്പന്നങ്ങളും വിററഴിക്കുന്നതിന് ഗവൺമെൻറിന് ഒരു പൊതു സംവിധാനം ഇപ്പോഴുണ്ടോ; ഇല്ലെങ്കിൽ അതുണ്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; അതിനായി ഏതെങ്കിലും തരത്തിൽ സംഖ്യ ബഡ്ജററിലോ മറേറാ ഉംക്കൊള്ളിച്ച് ആവശ്യമായ നടപടി എടുക്കാൻ തയ്യാറാകുമോ ?

ശ്രീമതി കെ. ആർ. ഗൗരി അമ്മ : ഞാൻ മുമ്പ് പറഞ്ഞത് കെ.എസ്.ഐ.പി.ററി.സി.യുടെ കാര്യമാണ്. പൊതുമേഖലാ വ്യവസായങ്ങളുടെ കൂട്ടത്തിൽ ചെറുകിട വ്യവസായങ്ങളും വരുന്നില്ല. അതുകൊണ്ട് ചെറുകിട വ്യവസായങ്ങളെ പൊതുമേഖലാ വ്യവസായങ്ങളാണെന്ന് ധരിക്കേണ്ട. പൊതുമേഖലാ സ്ഥാപനങ്ങളിൽ നഷ്ടം വരുന്നത് മാർക്കററിംഗ്കൊണ്ട് മാത്രമല്ല. മാർക്കററിംഗിൽ വേറെ വല്ല വിധത്തിലുള്ള തിരിമറികളും നടന്നാൽ നഷ്ടംവരും, പൊതുമേഖലാ സ്ഥാപനങ്ങളിൽ നഷ്ടം വരുന്നത് വേറെ പല കാരണങ്ങളാലാണ്. മാനേജ്മെൻറിൻറെ തകരാറ്, തൊഴിലാളികളും മാനേജ്മെൻറും തമ്മിലുള്ള നല്ലതല്ലാത്ത ബന്ധങ്ങളും, സമയത്തിനു പണം കൊടുക്കാതിരിക്കൽ, പ്രോജക്ട് റിപ്പോർട്ടിൻറെ തകരാറുകളും ഇവയൊക്കെയാണ്. തെററായ പ്രോജക്ട് റിപ്പോർട്ടുവരും. ആസ്പിരിൻ പ്ലാൻറിൻറെ പ്രോജക്ട് റിപ്പോർട്ട് ശരിയായിട്ടുള്ളതല്ല. ഇങ്ങനെ പല കാരണങ്ങളാലും നഷ്ടം വരും. കെ.എസ് ഐ.പി.ററി.സി. ഉണ്ടാക്കിയത് ടൈറാനിയം ഡയോക്സൈഡ് വിൽക്കാനാണ്. ഇത് കെ.എസ്.ഐ.പി ററി.സി. വിൽക്കുമ്പോൾ രണ്ടു വിൽപ്പനയാകുന്നു. അതിൽ രണ്ടു സൈസ് ടാക്സ് വരും. കമ്പനി കെ.എസ്.ഐ. പി.ററി.സി.ക്കു കൊടുക്കും. കെ.എസ്.ഐ. പി.ററി.സി. വേറെ വിൽക്കും. നഷ്ടത്തിലുള്ള എല്ലാ സ്ഥാപനങ്ങളും ഉൽപ്പന്നങ്ങളും കെ.എസ്. ഐ. പി. ററി. സി.യെക്കൊണ്ട് വിൽപ്പിക്കത്തക്കവിധത്തിലുള്ള സംവിധാനമുണ്ടാക്കിയിട്ടില്ല. ഇപ്പോൾ ഇവ വിൽക്കാനുള്ള ശ്രമം നടത്തുന്നുണ്ട്. അത് വെറും ഏജൻറ് വഴി മാത്രമാണ്. കെ.എം.എം.എല്ലിൻറെ സാധനം ടൈറാനിയം പ്രോഡക്ടുമായി കൂട്ടി വിൽക്കാനുള്ള ശ്രമം നടക്കുന്നുണ്ട്. 27 കോടി രൂപയുടെ സാധനമാണ് അവിടെ വിൽക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന് ഈ ബഡ്ജറ്റിൽത്തന്നെ ഇതിനുള്ള പ്രൊവിഷൻ പുതിയതായി ചേർക്കാൻ പറ്റുമോ എന്ന് എനിക്കറിയില്ല. ഇപ്രാവശ്യം പൊതുമേഖലയിലുള്ള ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് ഏജൻസിക്ക് ബഡ്ജറ്റിൽ പണം കൊടുത്തിട്ടില്ല. അത് ഇനി ചേർക്കാൻ പറ്റുമോ ഇല്ലയോ എന്നുള്ളതിനെപ്പറ്റി എനിക്കിപ്പോൾ പറയാൻ പറ്റുകയില്ല.

ശ്രീ. എ.എം. പരമൻ : പൊതുമേഖലയിലെ ചെറുകിട വ്യവസായങ്ങൾ എന്നുള്ള നിലയിലാണ് ഞാൻ പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ അതിന്റെ പ്രോജക്ട് റിപ്പോർട്ടിന്റെയെല്ലാം തകരാറു കൊണ്ടാണ് അവ നഷ്ടത്തിൽ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നത്. യഥാർത്ഥത്തിൽ ഈ ഉൽപ്പന്നങ്ങൾ വിൽക്കാൻ ശരിയായിട്ടുള്ള ഒരു മാർഗ്ഗമില്ല. ഏജൻസികളെ ഏൽപ്പിക്കുന്നു. ചിലർ നേരിട്ടു വിൽക്കുന്നു. ഇതിന്റെ മാർക്കറ്റ് നിലവാരം മനസ്സിലാക്കിക്കൊണ്ട് ഇത് വിറ്റഴിക്കാൻ സാധിക്കാത്ത സാഹചര്യം വരുന്നതുകൊണ്ട് മാനേജുമെന്റിനെ വിളിച്ചുകൂട്ടി അതിനാവശ്യമായ സംവിധാനമുണ്ടാക്കുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുമോ ?

ശ്രീമതി കെ.ആർ. ഗൗരി അമ്മ : സാധാരണ മാർക്കറ്റിംഗിന് സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനു വേണ്ടിയാണ് സിഡ്കോ ഉണ്ടാക്കിയത്. ആ സിഡ്കോയുടെ പ്രവർത്തനം അതുണ്ടായ കാലംമുതൽ ശരിയായിട്ടില്ല. അത് എന്തുകൊണ്ടാണെന്ന് ആലോചിക്കാൻ ഗവൺമെന്റിന് വിരോധമില്ല. കമ്പനികളെല്ലാം നന്നായി നടക്കണമെന്നും സർക്കാരിന്റെ മുതൽ ഒരു വിധത്തിലും നഷ്ടപ്പെടുത്തരുതെന്നതിലാണ് ഈ ഗവൺമെന്റിന്റെ താൽപര്യം.

ശ്രീ. ജെ. ചിത്തരഞ്ജൻ : കെ. എം. എം. എൽ.-ന്റെ ഉല്പന്നങ്ങൾ കെട്ടിക്കിടക്കുന്നതായി പറഞ്ഞല്ലോ. ഈ കെട്ടിക്കിടക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് എന്തെങ്കിലും പൊതു സംവിധാനം ഉണ്ടാക്കിയിട്ടുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി അമ്മ : പുതിയ സംവിധാനം ഇല്ല. 28 കോടി രൂപയുടെ സാധനങ്ങളുണ്ട്. കിട്ടാവുന്നിടത്തുനിന്നൊക്കെ കടം വാങ്ങിയാണ് ഇപ്പോൾ ആ സ്ഥാപനം നടത്തുന്നത്. അതിന്റെ ഇംപോർട്ട് ഡ്യൂട്ടി ഞാൻ മുമ്പ് പറഞ്ഞതുപോലെ 131 ശതമാനം ഉണ്ടായിരുന്നത് 85 ശതമാനമായി കുറച്ചു. പെയിന്റ് മുതലാളിമാർക്ക് ഒ.ജി. എല്ലും കൊടുത്തു. അതുകൊണ്ട് 6 മാസത്തേക്ക് കടം കൊടുക്കുന്ന സംവിധാനത്തിൽ ഇതൊന്നു വിൽക്കാനുള്ള നടപടിയെടുത്തു. അപ്പോൾ പുറത്തുള്ള ഇൻറർനാഷണൽ കമ്പനിക്കാർ, ബ്ലൂക്ക് ബോണ്ട് തുടങ്ങിയവർ അവരുടെ ഉൽപ്പന്നത്തിന്റെ വില 100 ഡോളർ കുറച്ചു. അതുകൊണ്ട് വില കുറച്ച് അവരുമായി കോമ്പീറ്റുചെയ്യാൻ പ്രയാസമാണ്. അതുകൊണ്ടാണ് ഒ.ജി.എൽ. മാറണമെന്നു പറഞ്ഞത്. ഇപ്പോൾ ടി.ടി.പി. യോട് അവർ സാധനം കൊടുക്കുന്നവർക്ക് ഇത് അഡീഷണലായി കൊടുക്കുന്നതിനുള്ള സംവിധാനം നോക്കാൻ പറഞ്ഞിട്ടുണ്ട്. ടി.ടി.പി.യുടെ ഉൽപ്പന്നങ്ങൾക്ക് ഡിമാൻറുണ്ട്. അതിന്റെകൂടെ ഇതും കൊടുക്കാൻ പറ്റുമോ എന്നു ശ്രമിച്ചുനോക്കണം.

ശ്രീ. ജെ. ചിത്തരഞ്ജൻ : കേരള സിറാമിക്സ് ഉൽപ്പാദിപ്പിക്കുന്ന ക്രോക്കറി വസ്തുക്കൾക്ക് ആവശ്യമായ വിപണി ഇല്ലെന്നാണ് അറിയുന്നത്. അതിന്റെ വിപണി മെച്ചപ്പെടുത്താനാവശ്യമായ സംവിധാനങ്ങൾ എർപ്പാടു ചെയ്യുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ.ആർ.ഗൗരി അമ്മ : ഈ അടുത്ത കാലത്ത് എക്സ്പോർട്ട് പ്രോസസിംഗ് സോണിൽ, കേരള സിറാമിക്സും ബ്രിട്ടീഷ് കമ്പനിയും ടാറാ കമ്പനിയും കൂട്ടിച്ചേർന്ന് മുപ്പതു, നാൽപതു കോടി രൂപയുടെ ഒരു സിറാമിക്സ് പ്രോജക്ട് വന്നിട്ടുണ്ട്. ബോൺചൈനയുടെ ടെക്നോളജി ഇങ്ങോട്ടു കൊടുക്കുകയും ഇവരുമായി ലിങ്ക് ചെയ്ത് പുറത്തേക്ക് എക്സ്പോർട്ട് ചെയ്യാനുമുള്ള സംവിധാനത്തെപ്പറ്റി ആലോചിച്ചുവരുന്നുണ്ട്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : നമ്മുടെ പൊതുമേഖലയിലെ എത്ര വ്യവസായ സ്ഥാപനങ്ങൾക്ക് വിദേശ കമ്പോളങ്ങളിൽ വിൽപ്പനയുണ്ട്. ആ വിൽപ്പനയുടെ സംവിധാനങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ ?

ശ്രീമതി കെ. ആർ. ഗൗരി അമ്മ : അതിന് പ്രത്യേക നോട്ടീസ് വേണം.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ തന്നെ കേരളത്തിലെ മറ്റു സ്ഥാപനങ്ങളിലേക്ക് വാങ്ങാനുള്ള എന്തെങ്കിലും പ്രത്യേക സംവിധാനവും ഗവൺമെന്റ് ഏർപ്പെടുത്തുമോ ?

ശ്രീമതി കെ. ആർ. ഗൗരി അമ്മ : പർച്ചേസ് പോളിസി 1989-ലെ ബഡ്ജറ്റിൽ ഡിക്ലയർ ചെയ്തു. അതിന്റെ വർക്കിംഗ് ഡീറ്റെയിൽസ് ഇന്നും ശരിയായിട്ടില്ല. ഇന്ന് സ്റ്റേറ്റർ പർച്ചേസ് പ്രകാരം 15 ശതമാനം പ്രിഫറൻസ് സ്മാൾ സ്കെയിൽസിനും 10 ശതമാനം പ്രിഫറൻസ് പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ്സിനും ഉള്ളതാണ്. പക്ഷെ അത് പലപ്പോഴും നടക്കുന്നില്ല. കാരണം മദർ യൂണിറ്റ് നഷ്ടപ്പെട്ടു പോകാനും നഷ്ടത്തിൽ കലാശിക്കാനും ഇടയാകാത്ത വിധത്തിലാണ് 1989-ലെ ആ പർച്ചേസ് പോളിസി വന്നത്. അതു ഫലപ്രദമായി നടത്താൻ പറ്റിയിട്ടില്ല.

ശ്രീ. കെ. പി. നൂറുദ്ദീൻ: ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് രൂപീകരിച്ചിട്ടുള്ള കോർപ്പറേഷന്റെ പ്രവർത്തനങ്ങളെപ്പറ്റി ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ടൈറ്റാനിയം കോംപ്ലക്സിന്റെ സാധനങ്ങളാണ് വിറ്റഴിക്കുന്നതെന്നും മന്ത്രി പറയുകയുണ്ടായി. അവരുടെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ ഫലപ്രദമാണോ, ആണെങ്കിൽ മറ്റ് സ്ഥാപനങ്ങളുടെ കാര്യങ്ങൾകൂടി അവരെ ഏൽപ്പിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീമതി കെ.ആർ. ഗൗരി അമ്മ : അവരുടെ പ്രവർത്തനങ്ങൾ ഫലപ്രദമാണോ എന്ന് പറയാൻ കഴിയുകയില്ല. ഇന്നും ടി.ടി.പി.-യുടെ ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റുണ്ട്, അതിന് ഡിമാൻറുമുണ്ട്. മറ്റ് കമ്പനികൾ വരുന്നതുവരെ നമ്മുടെ നാട്ടിൽ ആ സാധനങ്ങൾക്ക് ഡിമാൻറുണ്ട്. അങ്ങനെ ഡിമാൻറുള്ള ഒരു സാധനത്തിന്റെ കാര്യത്തിൽ ഫലപ്രദമാണോ അല്ലയോ എന്ന് എങ്ങനെ പറയാൻ സാധിക്കും. വിലയിരുത്തണം. ഇപ്പോൾ ഞങ്ങൾ ഒരു ട്രയൽ നടത്തുന്നുണ്ട്. അവർക്ക് സെയിൽസ് സ്റ്റാറണ്ട് വരാതെ കെ. എം. എം. എൽ.-ന്റെ ഉൽപ്പന്നംകൂടെ വിൽക്കുന്നതിന് ഒരു ടൈ അപ്പ് അറേഞ്ചുമെൻറുണ്ടാക്കാമോയെന്നതിനെ സംബന്ധിച്ച് ഒരു പരീക്ഷണം ഞങ്ങൾ നടത്തി നോക്കുന്നുണ്ട്.

ശ്രീ. സി. പി. ബാലൻ വൈദ്യർ : കേരളാ സോപ്പ്സ് മേൽത്തരം സോപ്പാണ്. എന്നിട്ടുപോലും വേണ്ടത്ര മാർക്കറ്റ് പിടിക്കാൻ കഴിയാത്ത ഒരു സ്ഥിതിയുണ്ട്. പ്രചരണരംഗത്തെ പോരായ്മയാണ് അതിന് പ്രധാനപ്പെട്ട കാരണമെന്ന് മനസ്സിലാക്കുന്നു. അത് പരിഹരിക്കുന്നതിന്, പ്രചരണരംഗത്ത് മറ്റ് കുത്തക വ്യവസായ സ്ഥാപനങ്ങളും നടത്തുന്ന പ്രചരണത്തെ അതിജീവിക്കത്തക്ക വിധത്തിലുള്ള സംവിധാനം ഉണ്ടാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരി അമ്മ : പ്രചരണരംഗത്തുള്ള പോരായ്മയാണ് അതിനു കാരണമെന്ന് ആരാണ് പറഞ്ഞത് എന്ന് എനിക്കറിഞ്ഞുകൂടാ. അവിടെ ആവശ്യത്തിൽ കൂടുതൽ തൊഴിലാളികളും ഉണ്ട്. അതിനേക്കാളായ എക്സ്പെൻഡിച്ചർ കൂടുതലാണ്. നേരത്തെ അതിന് 18 കോടി രൂപയുടെ നഷ്ടമായിരുന്നു. സോപ്പ്സ് എന്നു പറയുന്നത് വളരെ കോമ്പറ്റിറ്റീവാണ്. കേരളാ സോപ്പ്സ് ഉൽപ്പന്നം മികച്ച സോപ്പെന്നും പറഞ്ഞ് ടി.വി.യിൽ പരസ്യമൊക്കെ വരുന്നുണ്ട്. എന്താണ് തകരാറ് എന്നുള്ളതിനെപ്പറ്റി രണ്ടുമൂന്നു കൊല്ലമായി, തുടർച്ചയായി ചർച്ച ചെയ്തുനോക്കുകയാണ്. ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ വിറ്റഴിക്കാൻ കഴിയുന്നില്ലെന്നുള്ളതാണ് നേരാണ്. കച്ചവടത്തിന്റെ രീതി രണ്ടുമൂന്നു വിധത്തിൽ മാറ്റിനോക്കി. ഇതുവരെ ശരിയായിട്ടില്ല. മറ്റു കുത്തക വ്യവസായസ്ഥാപനങ്ങളെ അതിജീവിക്കത്തക്കവിധത്തിലുള്ള ഒരു പ്രചരണ സംവിധാനം വരണമെങ്കിൽ കോടിക്കണക്കിന് രൂപ മുടക്കണം. അത്രയും തുക മുടക്കാൻ കേരള സർക്കാരിന് എവിടെയാണുള്ളത്?

വികലാംഗർക്കുവേണ്ടിയുള്ള ക്ഷേമപദ്ധതികൾ

* 2. [199] ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീമതി നബീസാ ഉമ്മാൾ :
ശ്രീ. പാച്ചേനി കുഞ്ഞിരാമൻ :
പ്രൊഫസർ എം. കെ. സാനു
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ അന്ധർ, ബധിരർ, മൂകർ, അസ്ഥിവൈകല്യം സംഭവിച്ച വികലാംഗർ, മന്ദബുദ്ധികൾ എന്നിവരെ പുനരധിവസിപ്പിക്കുന്നതിനും അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി എന്തെങ്കിലും ക്ഷേമപദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ അടങ്ങുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്തു വയ്ക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി അമ്മ) :

(എ) ആൻറ് (ബി) ഉണ്ട്. വിശദവിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെന്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്. *

ശ്രീ. സി. കെ. രാജേന്ദ്രൻ : വികലാംഗരായിട്ടുള്ളവർക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിൽ ഉള്ളത്; എന്തെല്ലാം തൊഴിലുകളിലാണ് പരിശീലനം നൽകുന്നത്?

* അനുബന്ധം—I.

LIBRARY ARCHIVES Kerala Legislative Assembly